(ഡി) ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് പഠനം നടത്താൻ സർക്കാർ അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ, ബി) 24-1-2003-ലെ സ.ഉ.(സാ) 40/2003/വനം നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചും, വന്യജീവി സംരക്ഷണ നിയമത്തിന്റെയും, വന നിയമത്തിന്റെയും വ്യവസ്ഥകളനുസരിച്ചുമാണ് പഠനം നടത്തുന്നതിന് അനുവാദം നൽകുന്നത്.

(സി) 24-1-2003-ലെ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഡി) ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

വനസംരക്ഷണ സമിതിയുടെ ലക്ഷ്യങ്ങൾ

98(1447) ശ്രീ. ബിനോയ് വിശ്വം:

ശ്രീ. എം. കുമാരൻ:

ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വനസംരക്ഷണ സമിതികൾ രൂപീകരിച്ചു; ഇപ്പോൾ എത്ര സമിതികൾ രൂപീകരിച്ചു; ഇപ്പോൾ എത്ര സമിതികൾ പ്രവർത്തിച്ചുവരുന്നു;

(ബി) ഈ സമിതികളിടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ ഈ സമിതികൾ പ്രവർത്തനക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ സമിതികളെ പ്രവർത്തനക്ഷമമാക്കുവാനുദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് 368 വനസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനാശ്രിത സമൂഹങ്ങളാണ് വനസംരക്ഷണ സമിതി അംഗങ്ങളാവുക. അവർ വനം വകുപ്പുമായി ചേർന്ന് പങ്കാളിത്ത രീതിയിൽ വനപരിപാലനം നടത്തുവാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. വനത്തിൽ നിന്നുള്ള അവരുടെ ആവശ്യ ങ്ങൾ വനത്തിന്റെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ നേടുന്നതോടൊപ്പം വനസംരക്ഷണത്തിനും പരിപാലനത്തിനും ഉത്തരവാദിത്വമുള്ളവരാക്കി വനാശ്രിത സമൂഹങ്ങളെ മാറ്റുകയാണ് ലക്ഷ്യം. ധാരണാപത്രം ഒപ്പിട്ട് ഏൽപ്പിച്ചു കൊടുത്തിട്ടുള്ള വനപ്രദേശത്തിന്റെ സംരക്ഷണവും പരിപാലനവും അതാത് വന സംരക്ഷണസമിതികളുടെ ചുമതലയാണ്. ഇതിനായി അംഗീകരിക്കപ്പെട്ട സൂക്ഷ്മാസൂത്രണ രേഖ അനുസരിച്ച് സമിതികൾ പ്രവർത്തിക്കണം.

(സി) എല്ലാ സമിതികളും പ്രവർത്തനക്ഷമമാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പമ്പാ ആക്ഷൻ പ്ലാൻ പ്രകാരം നിർമ്മിക്കുന്ന തടയണകൾ

99(1450) ശ്രീ. രാജു എബ്രാഹം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാ ആക്ഷൻ പ്ലാൻ പ്രകാരം പമ്പയിൽ നിർമ്മിക്കുന്ന 3 തടയണകൾക്ക് വനം വകുപ്പിന്റെ അനുമതി നൽകിയിട്ടുണ്ടോ;

(ബി) അനുമതി ലഭ്യമാക്കുന്നത് വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കുരുമ്പൽമൂഴി, വേലംപ്ലാവ്, അട്ടത്തോട് വൈദ്യുതിലൈൻ വലിക്കുവാൻ വനം വകുപ്പിന്റെ അനുമതി തേടി വൈദ്യുതി ബോർഡ് റാന്നി ഡി.എഫ്.ഒ. വഴി നൽകിയ അപേക്ഷ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) അനുമതി നൽകുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) പമ്പാ ആക്ഷൻ പ്ലാനിൽപ്പെടുത്തി ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ഒന്നാം ഘട്ട അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ രണ്ടാം ഘട്ട അനുമതിക്ക് മുന്നോടിയായി ഇറിഗേഷൻ വകുപ്പ് കേന്ദ്ര നിർദ്ദേശാനുസരണം നെറ്റ് പ്രസന്റ് വാല്യു, കോംപൻസേറ്ററി അഫോറസ്റ്റേഷൻ കോസ്റ്റ് എന്നിവ അടച്ചിട്ടുണ്ട്. തുടർന്ന് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതിക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly